# അല്ലാഹുവിൻെറ നാമ വിശേഷണങ്ങൾ അടിസ്ഥാന നിയമങ്ങൾ

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ اللهُ )
**ഗ്രന്ഥം:** شرح لمعة الإعتقاد الهادي إلى سبيل الرشاد
**വിവർത്തനം:** *അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി*

അല്ലാഹുവിൻെറ നാമവിശേഷണങ്ങളെ സംബന്ധിച്ചുള്ള ഏതാനും അടിസ്ഥാന നിയമങ്ങൾ വ്യക്തമാക്കാനാണ് ആഗ്രഹിക്കുന്നത്. സലഫുകളുടെ മാർഗമാണ് ശരിയായമാർഗമെന്ന് തെളിയിക്കാനും നാമിവിടെ ഉദ്ദേശിക്കുന്നു. അത് രണ്ടർത്ഥത്തിലാണ്.

നിയമം ഒന്ന്: **ഖുർആനിൻേറയും സുന്നത്തിൻേറയും ഖണ്ഡിതമായ വിവരണം അംഗീകരിക്കൽ**

അല്ലാഹുവിൻെറ നാമങ്ങളേയും വിശേഷണങ്ങളേയും സംബന്ധിച്ച് ഖുർആനിലും സുന്നത്തിലും വ്യക്തമായി വന്നിട്ടുള്ള തെളിവുകൾക്കനുസരിച്ച് അങ്ങിനെത്തന്നെ, അതിൻെറ ബാഹ്യാർത്ഥത്തിൽ തന്നെ യാതൊരുവിധ മാററത്തിരുത്തലും കൂടാതെ അംഗീകരിക്കലും വിശ്വസിക്കലും നിർബന്ധമാണ്. കാരണം അല്ലാഹുവിൻേറയും റസൂലിൻേറയും വാക്കുകൾ മാറ്റത്തിരുത്തലുകളില്ലാതെ അതേ ഭാഷയിലൂടെ തന്നെ നാം മനസ്സിലാക്കി നിലനിർത്തേണ്ടതാണ്. അതിൻെറ ബാഹ്യാർത്ഥത്തിൽനിന്നും മനസ്സിലാകുന്നതിൽനിന്നും മാററം വരുത്തുക എന്നത് അല്ലാഹുവിൻെറപേരിൽ നിങ്ങൾ വിവരമില്ലാത്തത് സംസാരിക്കലായിരിക്കും അതാകട്ടെ ഹറാമാണ് താനും. അല്ലാഹു പറയുന്നത് കാണുക:

(قُلْ إِنَّمَا حَرَّمَ رَبِّيَ ٱلْفَوَٰحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَٱلْإِثْمَ وَٱلْبَغْيَ بِغَيْرِ ٱلْحَقِّ وَأَن تُشْرِكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَٰنًا وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ) (الأعراف 33)

‘‘പറയുക: എൻെറ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമ്മവും, ന്യായം കൂടാതെയുള്ള കയ്യേററവും, യാതൊരു പ്രമാണവും ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് പങ്ചേർക്കുന്നതും, അല്ലാഹുവിൻെറ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാകുന്നു ’’ (അഅ്റാഫ് 33).

**ഉദാഹരണമായി:**

بَلْ يَدَاهُ مَبْسُوطَتَانِ يُنفِقُ كَيْفَ يَشَآءُ (ا ائدة 64)

''അല്ല, അവൻെറ രണ്ടുകൈകളും നിവർത്തപ്പെട്ടവയാണ് അവൻ എങ്ങിനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു'' (മാഇദ: 64)

ഇവിടെ ആയത്തിൽ അല്ലാഹുവിന് യഥാർത്ഥത്തിലുള്ള രണ്ട് കൈകളുണ്ട് എന്നുതന്നെയാണ് വ്യക്തമാകുന്നത്. അത് അങ്ങനെത്തന്നെ നാം വിശ്വസിക്കുകയും അവന്ന് രണ്ടു കൈകളു ണ്ടെന്ന് സ്ഥിരപ്പെടുത്തുകയും ചെയ്തേപററൂ.

എന്നാൽ ആരെങ്കിലും, ഇവിടെ ആയത്തിൽപറഞ്ഞ കൈകൾ കൊണ്ട് വിവക്ഷിക്കുന്നത് അവൻെറ ശക്തിയെയാണ് എന്ന് പറഞ്ഞാൽ; നമുക്കവരോട് പറയാനുള്ളത് അത് അല്ലാഹുവിൻെറ കലാമിനെ ബാഹ്യാർത്ഥത്തിൽനിന്നും തെററിക്കലാണ്. അതാകട്ടെ അല്ലാഹുവിൻെറ പേരിൽ വിവരമില്ലാത്തത് പറയലുമാണ്.

നിയമം രണ്ട്: **അല്ലാഹുവിൻെറ നാമങ്ങൾ**

ഈ നിയമത്തെ സംബന്ധിച്ച് മനസ്സിലാക്കുമ്പോൾ അത് ഏതാനും ഉപശാഖകളിലായി ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്.

**I : അല്ലാഹുവിൻെറ നാമങ്ങൾ വിശിഷ്ടമായതാണ്.**

അതായത് അവയത്രയും നന്മയിൽ ഏററവും മുന്നിൽ നിൽക്കുന്നവയാണ്. അവ യാതൊരു നിലയിലും ന്യൂനതകളില്ലാത്തതും പരിപൂർണ്ണമായതുമായ വിശേഷണങ്ങളുൾക്കൊള്ളുന്ന വയുമാണ്.

അല്ലാഹു പറയുന്നു:

(وَلِلَّهِ ٱلۡأَسۡمَآءُ ٱلۡحُسۡنَىٰ ) (الأعراف 180)

''അല്ലാഹുവിന് ഏററവും നല്ല പേരുകളുണ്ട്'' (അഅ്റാഫ് 180).

ഉദാഹരണമായി പറഞ്ഞാൽ: الرحمن (പരമ കാരുണികൻ) എന്നത് അല്ലാഹുവിൻെറ നാമങ്ങളിൽ ഒന്നാണ്. അത് അല്ലാഹുവിൻെറ ഏററവും വിശാലമായ നിലയിലുള്ള الرحمة കരുണയെന്ന വിശേഷണത്തെ സൂചിപ്പിക്കുന്നതാണ്.

അപ്രകാരംതന്നെ الدهر (കാലം) എന്നത് അല്ലാഹുവിൻെറ നാമങ്ങളിൽ പെട്ടതല്ല എന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്. കാരണം അത് നന്മയിൽ ഉന്നതമായിരിക്കുക എന്ന വിശേഷണം ഉൾക്കൊള്ളാത്തതാണ് എന്നതുതന്നെ. എന്നാൽ താഴെ പറയുന്ന നബിവചനത്തിൽ ഇപ്രകാരം കാണുകയും ചെയ്യുന്നു: لاَ تَسُبُّ الدَّهْرَ فَإِنَّ اللهَ هُوَ الدَّهْرَ ''നിങ്ങൾ കാലത്തെ ചീത്ത പറയരുത്, കാരണം തീർച്ചയായും അല്ലാഹു അവനാണ് കാലം'' എന്നാൽ പ്രസ്തുത ഹദീസ്കൊണ്ടുള്ള ഉദ്ദേശ്യം മററ് ഹദീസുകൾ വ്യക്തമാക്കിത്തരുന്നുണ്ട് അവ ഇപ്രകാരമാണ്. അല്ലാഹു കാലത്തിൻെറ ഉടമയും കൈകാര്യകർത്താവുമാണ്. അല്ലാഹു പറയുന്നു: بِيَدِي الأَمْرُ أُقَلِّبُ اللَّيْلَ وَالنَّهار ''എൻെറ കൈകളിലാണ് കര്യം, ഞാനാണ് രാപ്പകലുകളെ മാററിമറിക്കുന്നത്''.

**II: അല്ലാഹുവിൻെറ നാമങ്ങൾ എത്രയെന്ന് എണ്ണം ക്ലിപ്തപ്പെടുത്താവുന്നതല്ല.**

അല്ലാഹുവിൻെറ നാമങ്ങൾ നിശ്ചിത എണ്ണമാണെന്ന് നിജപ്പെടുത്താവുന്നതല്ല എന്നകാര്യം ഇനി പറയുന്ന പ്രസിദ്ധമായ പ്രവാചക വചനത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

أَسألُكَ اللهم بِكُل اسمٍ هوَ لَكَ سَميتَ بِه نَفْسَكَ أو أنزَلْته في كِتَابِكَ أو عَلمتَه أحَدًا من خَلْقكَ أو اسْتأثرتَ بِه في علْمِ الْغَيبِ عندك (أ د، ابن حبان)

''അല്ലാഹുവേ നീ നിനക്കു പേരുനൽകിയിട്ടുള്ളതായ, അതല്ലെങ്കിൽ നീ നിൻെറ ഗ്രന്ഥത്തിൽ ഇറക്കിയിട്ടുള്ള, അതല്ലെങ്കിൽ നിൻെറ സൃഷ്ടികളിലാർക്കെങ്കിലും നീ പഠിപ്പിച്ചു കൊടുത്തിട്ടുള്ള, അതുമല്ലെങ്കിൽ നീ നിൻെറ അദൃശ്യജ്ഞാനത്തിൽ നിനക്കു മാത്രമായി സൂക്ഷിച്ചുവെച്ചിട്ടുള്ള മുഴുവൻ പേരുകൾ കൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു'' (അഹ്മദ്, ഇബ്നു ഹിബ്ബാൻ). അല്ലാഹു തൻെറ അദൃശ്യജ്ഞാനത്തിൽ തനിക്കു മാത്രമായി രഹസ്യമാക്കി വെച്ചിട്ടുള്ളതിൻെറ കണക്ക് അറിയുവാനും അത് ക്ലിപ്തപ്പെടുത്തുവാനും ഒരാൾക്കും കഴിയുകയില്ല.

إن لله تسعَةٌ وَتسع اسماً مَن أحصاها دَخَلَ الْجَنة

''അല്ലാഹുവിനുള്ള തൊണ്ണൂററിഒമ്പത് പേരുകൾ ആരെങ്കിലും ഹൃദിസ്ഥമാക്കിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്''.[1]

മേൽ പറഞ്ഞതായ ഹദീസുകൾ ഒരിക്കലും വൈരുദ്ധ്യമില്ല അവ ഇങ്ങിനെ യോജിപ്പിക്കാവുന്നതാണ്. ഇവിടെ രണ്ടാമതായി പറഞ്ഞ ഹദീസിൽ 'അല്ലാഹുവിൻെറ നാമങ്ങളിൽ തൊണ്ണൂററി ഒമ്പതെണ്ണം ആരെങ്കിലും ഹൃദിസ്ഥമാക്കിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും എന്നുമാത്രമാണ്' പറഞ്ഞിട്ടുള്ളത്. അതല്ലാതെ അല്ലാഹുവിൻെറ നാമങ്ങൾ ഇപ്പറഞ്ഞ എണ്ണം മാത്രമാണ് എന്ന് ക്ലിപ്തപ്പെടുത്തുകയല്ല. ഏതുപോലെ എൻെറ പക്കൽ ധർമ്മം നൽകാൻ തീർച്ചപ്പെടുത്തിയ നൂറ് ദിർഹമുണ്ട് എന്ന് പറയുന്നതുപോലെ, ഇത്കൊണ്ട് ഒരിക്കലും ധർമ്മം ചെയ്യാൻ ഉദ്ദേശിച്ചതല്ലാത്ത മറെറാരു ദിർഹമും എൻെറ പക്കലില്ല എന്നു വരികയില്ല.

**III: അല്ലാഹുവിൻെറ നാമങ്ങൾ ബുദ്ധികൊണ്ട് മാത്രം സ്ഥിരപ്പെടുത്താവുന്നവയല്ല.**

അല്ലാഹുവിൻെറ നാമങ്ങളത്രയും شريعة (ദൈവീകനിയമം) കൊണ്ട് മാത്രം സ്ഥിരപ്പെടുത്തപ്പെട്ടവയും ബുദ്ധിക്ക് പ്രവേശനമില്ലാത്ത വിധം ഭദ്രമാക്കപ്പെട്ടവയുമാണ്. ശരീഅത്ത് എപ്രകാരം വ്യക്തമാക്കുന്നുവോ അങ്ങിനെത്തന്നെ, കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ നാം സ്ഥിരപ്പെടുത്തേണ്ടതുമാണ്. അല്ലാഹുവിന് അവകാശപ്പെട്ട നാമങ്ങളെ എന്തൊക്കെ എന്നത് ബുദ്ധികൊണ്ട് തേടിപ്പിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് തന്നെ അക്കാര്യത്തിൽ ശരീഅത്തിനെ അവലംബിക്കൽ അനിവാര്യമാണുതാനും. അല്ലാഹു, അവനു നൽകിയിട്ടില്ലാത്തതായ പേര് അവന് നൽകലും, അതല്ലെങ്കിൽ അവൻ തനിക്ക് നൽകിയ

[1] *നാമങ്ങൾ ഹൃദിസ്ഥമാക്കുക എന്നാൽ നാമങ്ങൾ മന:പ്പാഠമാക്കുകയും അവയുടെ ആശയങ്ങൾ മനസ്സിലാക്കി അവ ആവശ്യപ്പെടുന്നതിനനുസൃതമായി അല്ലാഹുവിനെ മനസ്സിലാക്കി ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ്. അല്ലാതെ കേവലം പേരുകൾ കാണാതെ പഠിച്ചുവെച്ച് എങ്ങിനെ ജീവിച്ചാലും സ്വർഗ്ഗം ലഭിക്കും എന്നതല്ല മേൽ ഹദീസിൻെറ വിവക്ഷ : വിവർത്തകൻ*

പേരുകളിൽ ഏതെങ്കിലും നിഷേധിക്കലും അവൻെറ അവകാശത്തിൽ നടത്തുന്ന കുററമാണ്. അതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ മാന്യമായ നിലക്ക് നീങ്ങലും നിർബന്ധമാണ്.

## IV: എല്ലാ നാമങ്ങളും വിശേഷണങ്ങളുൾക്കൊള്ളുന്നു.

അല്ലാഹുവിൻെറ എല്ലാ നാമങ്ങളും അല്ലാഹുവിൻെറ ദാത്തിൽ (ذاتية അസ്തിത്വത്തിൽ) തന്നെയുള്ളതാണ് എന്നും അവയത്രയും അതിൽനിന്നുള്ള വിശേഷണങ്ങൾ ഉൾക്കൊള്ളുന്നവയുമാണ്. അപ്രകാരംതന്നെ അത് സകർമ്മക ക്രിയയിൽ നിന്നുള്ളവയാണ് എങ്കിൽ അതനുസരിച്ചുള്ള പ്രവർത്തനങ്ങളും അവനിൽ നിന്നുണ്ടാകുന്നതാണ്. മേൽപറയപ്പെട്ടതായ എല്ലാകാര്യങ്ങളും വിശ്വസിക്കുമ്പോഴല്ലാതെ അവൻെറ ഈമാൻ പൂർണ്ണമായിത്തീരുകയില്ല.

ഉദാഹരണമായിപ്പറഞ്ഞാൽ: സകർമ്മകമല്ലാത്ത അകർമ്മത്തിൽപെട്ട العظيم (മഹാൻ) എന്ന അല്ലാഹുവിൻെറ നാമത്തെ സംബന്ധിച്ച് നാം ചിന്തിച്ചാൽ; അല്ലാഹു മഹാനാണ് എന്നത് അവൻെറ പേരുകളിൽപെട്ടതാണ്, അതവൻെറ അസ്തിത്വത്തിൽ തന്നെ ഉൾപ്പെട്ടതാണ്, അതോടൊപ്പം മഹത്വം എന്ന സ്വിഫത്ത് (വിശേഷണം) അവനുണ്ട് എന്നീ കാര്യങ്ങളെല്ലാം വിശ്വസിക്കുകയും അവ അവൻെറ അവകാശത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്യുമ്പോൾ മാത്രമേ അവൻെറ ഈമാൻ പരിപൂർണ്ണമാകുന്നുള്ളൂ.

ഇനി സകർമ്മകമായ നാമത്തെക്കുറിച്ച് ചിന്തിച്ചാൽ الرحمـن (പരമകാരുണികൻ) എന്നതിൽ അത് അല്ലാഹുവിൻെറ അസ്തിത്വത്തിൽതന്നെ ബന്ധപ്പെട്ട അവൻെറ നാമങ്ങളിൽ പെട്ടതാണ്, കാരുണ്യം എന്നത് അവൻെറ വിശേഷണങ്ങളിൽ ഉൾപ്പെടുന്നു, അതോടൊപ്പം അതിനനുസൃതമായ കാര്യവും ഉണ്ടായിത്തീരും. അതായത് അവനുദ്ദേശിക്കുന്നവരോട് അവൻ കരുണകാണിക്കുകയും ചെയ്യും എന്നീ കാര്യങ്ങളെല്ലാം വിശ്വസിക്കുകയും അതവന് സ്ഥിരപ്പെടുത്തുകയും ചെയ്യുമ്പോൾ മാത്രമേ അവൻെറ ഈമാൻ പൂർണ്ണമായിത്തീരുക യുള്ളൂ.

നിയമം മൂന്ന്: **അല്ലാഹുവിൻെറ വിശേഷണങ്ങൾ**

ഇതും ഏതാനും ശാഖകൾ ഉൾപ്പെടുന്നവയാണ്.

## I: അല്ലാഹുവിൻെറ വിശേഷണങ്ങൾ ഉന്നതങ്ങളാണ്.

അല്ലാഹുവിൻെറ സ്വിഫത്തുകൾ (വിശേഷണങ്ങൾ) എല്ലാം ഉന്നതവും പരിപൂർണ്ണവും സ്തുത്യാർഹവുമാണ്. യാതൊരു വിധത്തിലുള്ള ന്യൂനതയുമില്ലാത്തവയുമാണ്. الحياة (ജീവിതം), العلم (അറിവ്), القدرة (ശക്തി), السمع (കേൾവി), البصر (കാഴ്ച), الحكمة (യുക്തി), الرحمة (കാരുണ്യം), العلو (ഔന്നത്യം) ഇവ അല്ലാഹുവിൻെറ വിശേഷണങ്ങളിൽ ചിലത് മാത്രമാണ്. കാരണം അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

وَلِلَّهِ ٱلْمَثَلُ ٱلْأَعْلَىٰ (سرة النحل 60)

''അല്ലാഹുവിനാകുന്നു അത്യുന്നതമായ അവസ്ഥ'' (നഹ്ൽ 60)

അല്ലാഹു പരിപൂർണ്ണനാണ് അതിനാൽ അവൻെറ വിശേഷണങ്ങളും പരിപൂർണ്ണമായവ തന്നെയായിരിക്കണം. എന്നാൽ ഏതെങ്കിലും വിശേഷണങ്ങൾ അവ അപൂർണ്ണതയും ന്യൂനതയും ഉള്ളവയാണ് എങ്കിൽ അതൊരിക്കലും അല്ലാഹുവിന് ഉണ്ടാകാൻ പാടില്ലാത്തതാണ്. الموة (മരണം), الجهل (അജ്ഞത), العجز (അശക്തത), الصم(ബദിരത), العمي (അന്ധത) എന്നിവപോലുള്ള വിശേഷണങ്ങൾ ഒരിക്കലും പരിശുദ്ധനായ അല്ലാഹുവിന് ഉണ്ടായിക്കൂടാത്തതാണ്. കാരണം അവ അപൂർണ്ണതകൊണ്ട് വിശേഷിപ്പിക്കാൻ ഇടവരുത്തും അല്ലാഹുവാകട്ടെ ന്യൂനതകൊണ്ട് വിശേഷിപ്പിക്കുന്നവരുടെ എല്ലാ വിധ ന്യൂനതകളിൽനിന്നും തന്നെ പരിശുദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കാരണം അല്ലാഹു, തൻെറ രക്ഷാകർതൃത്വമെന്ന സ്ഥാനത്തിന് എതിരാകുന്നവിധം അപൂർണ്ണനാവുക എന്നത് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതുമാണ്.

അപ്രകാരം തന്നെ ഒരുനിലക്ക് പരിപൂർണ്ണവും മററൊരു നിലക്ക് ന്യൂനവുമായ വിശേഷണങ്ങളും അല്ലാഹുവിന് സ്ഥിരപ്പെടുത്താൻ പാടില്ലാത്തതാണ്. എന്നാലവ ഒരുനിലയിലും അവനുണ്ടായിക്കൂടാ എന്നുവരുന്നില്ല. പക്ഷേ അത്തരം സന്ദർഭങ്ങളിൽ അവനെ സംബന്ധിച്ചേടത്തോളം പരിപൂർണ്ണമായിത്തീരുന്ന വിധം അവയെ മനസ്സിലാക്കേണ്ടതാണ്. അവന് ന്യൂനമായിത്തീരുന്നവിധം ഉണ്ടാകാൻ പാടില്ലാത്ത വിശേഷണങ്ങളിൽ പെട്ടതാണ് المكر (കുതന്ത്രം). الكيد (ചതി), الخداع (വഞ്ചന) എന്നിവ പോലുള്ളത്. എന്നാലിവയെ സംബന്ധിച്ച് നാം മനസ്സിലാക്കേണ്ടത് അവക്കെതിരിലുള്ള വിശേഷണങ്ങൾ അല്ലാഹുവിന് പരിപൂർണ്ണമായ നിലക്കുണ്ട് എന്നതാണ്. (മേൽപറയപ്പെട്ട വിശേഷണങ്ങൾ പ്രയോഗിക്കപ്പെടുന്നത്) അല്ലാഹുവിന് തൻെറ ശത്രുവിനെതിരിൽ അവർ പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കൽ അസാധ്യമാകുന്നില്ല എന്ന് മനസ്സിലാക്കുവാനാണ്. അപ്പോൾ അത്തരം വിശേഷണങ്ങൾ തന്നെ മററവസരങ്ങളിൽ അവനെ സംബന്ധിച്ചേടത്തോളം ന്യൂനതതന്നെയായിരിക്കും. അതുകൊണ്ട് രണ്ടാമതായി പറഞ്ഞിടത്തല്ലാതെ ആദ്യം പറഞ്ഞ അവസരത്തിൽമാത്രം (മേൽപറഞ്ഞ പ്രകാരം മാത്രം) അവന് അവ സ്ഥിരപ്പെടുത്തുകയും (രണ്ടാമത് പറഞ്ഞിടങ്ങളിൽ അത്തരം ന്യൂനതകളിൽനിന്നും നാം അവനെ പരിശുദ്ധനാക്കുകയും) ചെയ്യുന്നു.

മേൽ പറഞ്ഞ വിധത്തിലുള്ള വിശേഷണങ്ങളുൾക്കൊള്ളുന്ന ഏതാനും വചനങ്ങൾ കാണുക, അല്ലാഹു പറയുന്നു:

وَيَمْكُرُونَ وَيَمْكُرُ ٱللَّهُ ۖ وَٱللَّهُ خَيْرُ ٱلْمَـٰكِرِينَ (الأنفال 30)

''അവർ കുതന്ത്രം പ്രയോഗിക്കുന്നു അല്ലാഹുവും കുതന്ത്രം പ്രയോഗിക്കുന്നു, അല്ലാഹുവാണ് കുതന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ'' (അൻഫാൽ 30).

إِنَّهُمْ يَكِيدُونَ كَيْدًا ﴿١٥﴾ وَأَكِيدُ كَيْدًا (سورة الطارق 16،15)

''തീർച്ചയായും അവർ വലിയ തന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കും ഞാനും വലിയ തന്ത്രം പ്രയോഗിക്കും'' (ത്വാരിഖ് 15,16).

إِنَّ ٱلْمُنَـٰفِقِينَ يُخَـٰدِعُونَ ٱللَّهَ وَهُوَ خَـٰدِعُهُمْ ( النساء 142)

''തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്'' (നിസാഅ് 142)

ഇതുപോലെ വേറെയും ആയത്തുകളിൽ കാണാവുന്നതാണ്. എന്നാൽ, അല്ലാഹു കുതന്ത്രം പ്രയോഗിക്കുന്നവനാണ് എന്ന് വിശേഷിപ്പിക്കാൻ പററുമോ എന്നു ചോദിച്ചാൽ, അതിനുത്തരം അതേ എന്നോ, അല്ല എന്നോ പറഞ്ഞുകൂടാത്തതാണ്. എന്നാൽ അവനർഹിക്കും വിധം തന്ത്രം പ്രയോഗിക്കുന്നവനാണ്, കൂടുതൽ അല്ലാഹുവിനറിയാം എന്ന് പറഞ്ഞുകൊള്ളട്ടെ.

## II: അല്ലാഹുവിന്ന് രണ്ടുതരം വിശേഷണങ്ങളുണ്ട്

അല്ലാഹുവിൻെറ വിശേഷണങ്ങളെ الثبوتية (സ്ഥാപിതമായത്) الصلبية (നിഷേധാത്മകമായത്) എന്നിങ്ങനെ രണ്ടായിതിരിക്കപ്പെടുന്നു.

ثبوتية എന്നാൽ അല്ലാഹു തന്നെ തനിക്കുള്ളതായി സ്ഥിരപ്പെടുത്തിയിട്ടുള്ളതായ الحياة, العلم, القدرة എന്നിങ്ങനെയുള്ളവയാണ്. അത് അവനനുയോജ്യമായ നിലക്ക് നാമും അവന് സ്ഥിരപ്പെടുത്തേണ്ടതാണ്. കാരണം അതല്ലാഹു അവന് സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്നത്കൊണ്ടുതന്നെ. അവനാണല്ലോ അവൻെറ വിശേഷണങ്ങളെ സംബന്ധിച്ച് ഏററവും അറിയുന്നവൻ!.

الصلبية എന്നാൽ അത് അല്ലാഹുതന്നെ തനിക്കൊരിക്കലും ഉണ്ടാകാൻ പാടില്ലാത്തത് എന്ന് നിഷേധിച്ചിട്ടുള്ള ظلم (അക്രമം) എന്നതു പോലെയുള്ളതുമാണ്. അത്തരത്തിലുള്ളവയെ നാമും അതൊരിക്കലും അല്ലാഹുവിനുണ്ടാകാൻ പാടില്ലാത്തവയാണ് എന്ന് മനസ്സിലാക്കി നിഷേധിക്കുകയും അതോടൊപ്പം അതിനെതിരിലുള്ള കാര്യം ഏററവും പൂർണ്ണമായ നിലക്ക് അവനുണ്ട് എന്ന് സ്ഥിരീകരിച്ച് വിശ്വസിക്കലും നിർബന്ധമാണ്. നിഷേധം അതിൽ ഒരു സ്ഥിരീകരണമുണ്ടാകുമ്പോൾ മാത്രമേ പൂർണ്ണമായിത്തീരുകയുള്ളൂ.

ഉദാഹരണത്തിന് സൂറത്തുൽ കഹ്ഫിലെ താഴെ പറയുന്ന ആയത്ത് ശ്രദ്ധിക്കുക:

وَلَا يَظْلِمُ رَبُّكَ أَحَدًا (سورة الكهف 49)

''നിൻെറ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുക യില്ല'' (കഹ്ഫ് 49)

ഇവിടെ ظلم (അക്രമം) നാം നിഷേധിക്കുന്നതോടൊപ്പം العدل (നീതി) ഏററവും പൂർണ്ണമായ രീതിയിൽ അവനുണ്ടെന്ന് നാം മനസ്സിലാക്കി അംഗീകരിക്കൽ നിർബന്ധമാണ്.

## III: الثبوتية വിശേഷണങ്ങൾ രണ്ടുവിധമുണ്ട്

അല്ലാഹുവിനുള്ളതായ الثبوتية വിശേഷണങ്ങൾ ذاتية (അസ്തിത്വപരം) فعلية (പ്രവർത്തനപരം) എന്നിങ്ങനെ രണ്ടായി തിരിക്കപ്പെടുന്നുണ്ട്.

ذاتية എന്നാൽ കേൾവി, കാഴ്ച പോലെയുള്ള സ്ഥിരമായി എപ്പോഴും അല്ലാഹുവോടൊപ്പം വിശേഷിപ്പിക്കപ്പെടുന്നവയായിരിക്കും.

فعلية എന്നത് അവൻെറ ഉദ്ദേശ്യമനുസരിച്ചുണ്ടാകുന്നവയാണ്. സിംഹാസനാരോഹിതനാവുക, വരുക എന്നിങ്ങനെ അവനുദ്ദേശിക്കുന്നതിനനുസരിച്ച് പ്രവർത്തിക്കുകയോ പ്രവർത്തിക്കാതിരിക്കുകയോ ചെയ്യാവുന്നവയാണ് അത്തരം വിശേഷണങ്ങൾ.

എന്നാൽ كلام (സംസാരം) പോലെയുള്ള ചില വിശേഷണങ്ങൾ ذاتية, فعلية എന്നീ രണ്ട് പരിഗണനയും അർഹിക്കാവുന്നതാണ്. അടിസ്ഥാന വിശേഷണം എന്ന നിലക്ക് അത് ദാതിയ്യായി പരിഗണിക്കുന്നു. അവൻ എല്ലായിപ്പോഴും സംസാരിക്കുന്നവൻ എന്ന വിശേഷണത്തോടുകൂടിത്തന്നെയിരിക്കുന്നു. എന്നാൽ മററൊരു നിലക്കു പറഞ്ഞാൽ സംസാരം എന്നത് അവനുദ്ദേശിക്കുമ്പോൾ ഉദ്ദേശിച്ചത്ര സംസാരിക്കുന്നു എന്നത് പരിഗണിച്ച് അത് ഫിഅ്ലിയ്യയായും പരിഗണിക്കുന്നതാണ്.

## IV: എല്ലാ സ്വിഫത്തുകളും മൂന്ന് ചോദ്യങ്ങളുമായി ബന്ധപ്പെടുത്തേണ്ടതാണ്.

ചോദ്യം 1 : അത് യഥാർത്ഥം തന്നെയാണോ ? എന്തുകൊണ്ട് ?

ചോദ്യം 2:അത് രൂപപ്പെടുത്തുവാനൊക്കുമോ? എന്തുകൊണ്ട് ?

ചോദ്യം 3: അത് സൃഷ്ടികളുടെ വിശേഷണങ്ങളോട് ഉപമിക്കാനാവുമോ ? എന്തുകൊണ്ട് ?

മേൽ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും ക്രമമായി താഴെ കൊടുക്കുന്നു.

ഉത്തരം 1: അതെ സ്വിഫത്ത് യഥാർത്ഥം തന്നെയാണ്. അടിസ്ഥാനപരമായി ഭാഷയിൽ (അറബി) എല്ലാം യാഥാർത്ഥ്യമാണ്. അങ്ങനെയല്ലാതിരിക്കണമെങ്കിൽ അതിനാണ് തെളിവ് ആവശ്യമുള്ളത്.

ഉത്തരം 2: അതിനെ രൂപപ്പെടുത്തി പറയൽ അനുവദനീയമല്ല. അല്ലാഹു പറയുന്നു:

وَلَا يُحِيطُونَ بِهِۦ عِلْمًا (سورة طه 110)

''അവർക്ക് അതിനെ സംബന്ധിച്ച് പരിപൂർണ്ണമായി അറിയാനാവുകയില്ല'' (ത്വാഹ 110).

മനുഷ്യബുദ്ധി അല്ലാഹുവിൻെറ വിശേഷണങ്ങളുടെ രൂപം മനസ്സിലാക്കാൻ അപര്യാപ്തമാണ്.

ഉത്തരം 3: അല്ലാഹുവിൻെറ വിശേഷണങ്ങളെ ഒരിക്കലും സൃഷ്ടികളുടെ വിശേഷണങ്ങളോട് ഉപമിച്ചുകൂടാത്തതാണ്.

അല്ലാഹു പറയുന്നു:

لَيْسَ كَمِثْلِهِۦ شَىْءٌ ۖ (سورة الشورى 11)

''അവനെപ്പോലെ ഒന്നും തന്നെയില്ല'' (ശൂറ: 11).

അല്ലാഹു, അവൻ അതിനുമുകളിൽ മററൊന്നുമില്ലാത്തവിധം വിശേഷണങ്ങളുടെ പരിപൂർണ്ണത അർഹിക്കുന്നവനാണ്. അത് കൊണ്ടുതന്നെ അവനെ അവനേക്കാൾ താഴെയുള്ളവരോട് ഉപമിച്ചു കൂടാത്തതാണ്.

ഉപമിക്കുക, രൂപപ്പെടുത്തുക എന്നിവയിലെ അന്തരം പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. ഉപമിക്കുക എന്നാൽ വിശേഷണത്തിൻെറ നിർണ്ണയിക്കപ്പെട്ട മററ് ഏതെങ്കിലും ഒന്നിനെപ്പോലെയാണ് എന്ന് പറയലാണ്.

ഉദാഹരണം: അല്ലാഹുവിൻെറ കൈ മനുഷ്യൻെറ കൈപോലെയാണ് എന്നു പറയുന്ന രീതി.

രൂപപ്പെടുത്തുക എന്നാൽ നിർണ്ണയിക്കപ്പെട്ട ഏതെങ്കിലും ഒന്നിനെപ്പോലെ എന്നു പറയാതെ അതിൻെറ രൂപം ഇന്നിന്ന പ്രകാരമാണ് എന്നു പറയലാണ്.

ഉദാഹരണം: അല്ലാഹുവിൻെറ കൈ ഇന്ന രൂപത്തിലാണ് എന്ന് സൃഷ്ടികളിൽ ഏതെങ്കിലും ഒന്നിനെ എടുത്ത് പറയാതെ സ്വന്തം ഭാവനയിൽ എന്തെങ്കിലും രൂപം നൽകി പറയുന്ന രീതി യാണ്. അത്തരം ഭാവനയും പാടില്ലാത്തതാണ്, അനുവദനീയവുമല്ല.

നിയമം നാല് : **നിരാകരിക്കുന്നവർക്കുള്ള ഖണ്ഡനം.**

അല്ലാഹുവിൻെറ നാമ വിശേഷണങ്ങളിൽനിന്ന് വല്ലതിനേയും നിഷേധിക്കുകയോ, അവയുടെ ബാഹ്യാർത്ഥത്തിൽ നിന്ന് തെററിച്ചു പറയുകയോ - അവർക്കാണ് വ്യാഖ്യാനിക്കുന്നവർ എന്നു പറയുക - ചെയ്യുന്നവരാണ് നിരാകരിക്കുന്നവർ; അവർക്ക് മൊത്തത്തിലുള്ള മറുപടിയാണ് ഈ നിയമം. അത്തരക്കാരോട് നമുക്ക് പറയാനുള്ളത് ഇപ്രകാരമാണ്: അവരുടെ വാക്കുകൾ ഖണ്ഡിതമായ തെളിവുകൾക്ക് എതിരാണ്. അവർ സഞ്ചരിക്കുന്ന മാർഗ്ഗം സലഫികളുടെ (മുൻഗാമികളുടെ) മാർഗ്ഗത്തിന് എതിരുമാണ്. അതോടൊപ്പം അവർ സ്ഥാപിക്കാൻ ശ്രമിക്കുന്നതിന് അവരുടെ പക്കൽ ശരിയായ രേഖയുടെ പിൻബലവുമില്ല. ചില വിശേഷണങ്ങളുടെ കാര്യത്തിൽ ഇതല്ലാത്ത നാലും അതിലപ്പുറവും മാർഗ്ഗത്തിലൂടെയും നമുക്ക് ഖണ്ഡിക്കുവാൻ കഴിയുന്നതാണ്.

**لمعة لإعتقاد**

لمعة എന്ന പദത്തിന് ഭാഷയിൽ പല അർത്ഥങ്ങളുണ്ട്. അതിലൊന്നാണ് ജീവിതം പ്രാപിക്കുക എന്നത്. ഈ അർത്ഥമാണ് ഇവിടെ പുസ്തക വിഷയവുമായി ഏററവും യോജിക്കുന്നത്. അതുകൊണ്ട് ഇവിടെ ലംഅത്തുൽ ഇഅ്തിഖാദ് എന്നത് കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിൻെറ തൃപ്തി ലഭിച്ച സലഫികളുടെ ശരിയായ മാർഗ്ഗത്തിനനുസൃതമായ വിശ്വാസം പ്രാപിക്കുക എന്നതാണ്.

إعتقاد എന്നാൽ ബുദ്ധിയുടെ ഉറച്ച തീരുമാനം എന്നതാണതുകൊണ്ടുദ്ദേശിക്കുന്നത്. സംഭവവുമായി യോജിച്ചാൽ അത് സത്യവും ഇല്ലായെങ്കിൽ പിഴച്ചതുമായിരിക്കും.

ഗ്രന്ഥകാരൻ താഴെ പറയുന്ന വിധമാണ് വിഷയങ്ങൾ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**1, ബിസ്മികൊണ്ടുള്ള തുടക്കം**

അല്ലാഹുവിൻെറ ഗ്രന്ഥത്തെ പിൻപററിക്കൊണ്ടും പ്രവാചക(ﷺ)യുടെ സുന്നത്ത് പിൻ തുടർന്നുകൊണ്ടും ആരംഭിച്ചിരിക്കുന്നു.

بسم ا الر ن الرحيم എന്നതിൻെറ അർത്ഥം: വിശാലമായ കാരുണ്യത്താൽ വിശേഷിപ്പിക്കപ്പെട്ടവനോട് (അല്ലാഹുവിനോട്) അവൻെറ എല്ലാവിധ നാമങ്ങളെക്കൊണ്ടും പുണ്യവും സഹായവും തേടിക്കൊണ്ട് ഞാനിക്കാര്യം പ്രവർത്തിക്കുന്നു.

الله എന്നാൽ ആരാധ്യൻ, അതായത് പ്രതീക്ഷയാലും ഭയത്താലും സ്നേഹത്താലും ഗാംഭീര്യത്താലും ആരാധിക്കപ്പെടുന്നവൻ.

الرحمن: വിശാലമായ കാരുണ്യമുടയവൻ

الرحيم : താനുദ്ദേശിക്കുന്ന തൻെറ സൃഷ്ടികളിൽപെട്ടവർക്ക് തൻെറ കാരുണ്യം (പ്രത്യേകം) എത്തിക്കുന്നവൻ.

റഹ്മാൻ റഹീം എന്നീ പദങ്ങൾ തമ്മിലുള്ള അന്തരം ഒന്നാമത്തേത്, റഹ്മാൻ എന്നതിൽ റഹ്മത്ത് (കാരുണ്യം) എന്ന വിശേഷണം അല്ലാഹുവിൽ (സ്ഥിരമായി) വിശേഷിപ്പിക്കപ്പെട്ട തായും, റഹീം എന്നതിൽ കാരുണ്യം എന്ന വിശേഷണം അവനുദ്ദേശിക്കുന്ന തൻെറ സൃഷ്ടികൾക്ക് താനുദ്ദേശിക്കുന്ന സമയത്ത് എത്തിക്കുന്ന പ്രവർത്തനമായും മനസ്സിലാക്കാൻ കഴിയുന്നു എന്നതാണ്.

**2, അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് അവനെ വാഴ്ത്തിയിരിക്കുന്നു.**

അതായത് അവനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നതോടൊപ്പം സ്തുതിക്ക പ്പെടുന്നവൻെറ എല്ലാ വിശേഷണങ്ങളും പ്രകീർത്തിക്കുന്നു എന്നതാണ് അത്.

**3, അല്ലാഹു, അവൻ എല്ലാ ഭാഷകളാലും സ്തുതിക്കപ്പെടുകയും എല്ലായിടങ്ങളിലും ആരാധിക്കപ്പെടുക യും ചെയ്യുന്നവനാണ്.**

അതായത് എല്ലാ ഭാഷകളാലും സ്തുതിക്കപ്പെടാനും എല്ലായിടങ്ങളിലും ആരാധിക്കപ്പെ ടാനും അർഹനാണ് എന്നുസാരം.

**4, അല്ലാഹുവിൻെറ അറിവിലുള്ള വിശാലത.**

അല്ലാഹുവിൻെറ അറിവിൽപെടാതെ ഒരു സ്ഥലവും ഒഴിഞ്ഞു നിൽക്കുന്നില്ല എന്നും അവൻെറ അജയ്യമായ ശക്തിയും അറിവും ഒരുകാര്യത്തെതൊട്ടും അശ്രദ്ധമാകുന്നില്ല എന്നതുമാണതിലടങ്ങിയിട്ടുള്ളത്.

**5, അവൻെറ മഹത്വവും പ്രൗഢിയും ഉന്നതമായിരിക്കും**

അതായത് അവൻ തൻെറ വിശേഷണങ്ങളിലെ പൂർണ്ണതയാൽ തന്നോട് സാമ്യപ്പെടുത്താൻ ഒരു തുല്യനും സദൃശ്യനുമില്ലാത്തവിധം ഔന്നത്യമുള്ളവനാണ് എന്നുസാരം.

**6, അവൻെറ പരിശുദ്ധതയും പവിത്രതയും.**

അവൻ ഇണ, സന്താനം എന്നിങ്ങനെ ആശ്രയിക്കപ്പെടുന്ന എല്ലാററിൽനിന്നും പരിപൂർണ്ണമായും ധന്യനാണ്.

**7, അവൻെറ അധികാരത്തിൻേറയും സ്വാതന്ത്ര്യത്തിൻേറയും പൂർണ്ണത.**

അവൻ തൻെറ സൃഷ്ടികളിൽ തൻെറ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിൽനിന്നും ഒരു രാജാവിൻെറ ശക്തിയും സമ്പത്തിൻേറയോ എണ്ണത്തിലോ ഉള്ള പെരുപ്പവും അവനെ തടുക്കാനില്ല.

**8, അല്ലാഹുവിൻെറ മഹത്വം ഭാവനാ സീമകൾക്ക് അപ്പുറമാണ്.**

അവൻ, ബുദ്ധിക്ക് സങ്കൽപ്പിച്ച് തുല്ല്യനെ കണ്ടെത്തുവാനും ചിന്തകൾക്ക് ഊഹിച്ച് രൂപംനൽകുവാനും കഴിയാത്തവിധം ഉന്നതനാണ്. കാരണം അവനെപ്പോലെ ഒന്നുമില്ല. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.

**9, അല്ലാഹു തൻെറ വിശിഷ്ട നാമങ്ങളാലും ഉന്നതമായ വിശേഷണങ്ങളാലും പ്രത്യേകമായവനാണ്.**

**10, അല്ലാഹുവിൻെറ സിംഹാസനാരോഹണം.**

അവൻ അവന്നനുയോജ്യമാം വിധം ഔന്നത്യത്തിൽ സിംഹാസനത്തിൽ ആരോഹിതനാണ്.

**11, ആകാശ ഭൂമികൾക്ക് വ്യാപകമായ അവൻെറ അധികാരം.**

അവൻെറ അധികാരം ആകാശങ്ങളിലും ഭൂമിയിലും ഭൂമിക്കടിയിലും വ്യാപകമായതാണ്.

**12, അവൻെറ വൈജ്ഞാനിക വിശാലത.**

സൃഷ്ടികൾക്കാർക്കും തങ്ങളുടെ കഴിവിൻെറ അപര്യാപ്തത മൂലം അല്ലാഹുവിന്ന വകാശപ്പെട്ട പൂർണ്ണതയുടെ വിശേഷണങ്ങളും മഹത്വവും മനസ്സിലാക്കുവാനോ പ്രാപിക്കുവാനോ കഴിയാത്തവിധം ആധിപത്യ ശക്തിയും വൈജ്ഞാനിക വിശാലതയും യുക്തിയുമുള്ളവനാണ്.